"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഹോമിയോപ്പതി വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - ഫാർമസിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ അന്തരിച്ച മാത്യൂ ഡേവിഡ്-ന്റെ മകൻ ശ്രീ.ഗിഫ്റ്റി രാജ്-ന് റവന്യൂ വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന് അനുമതി നൽകിയ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(കൈ) നം.22/2024/AYUSH    തീയതി, തിരുവനന്തപുരം, 11-09-2024

---

പരാമർശം:- (1) ലാൻഡ് റവന്യൂ കമ്മീഷണറുടെ 30/04/2024-ലെ LR/7431/2024-LR(L3) - നമ്പർ കത്ത്.

(2) സ.ഉ.(കൈ)നം.14/2024/ആയുഷ് തീയതി 29.06.2024.

(3) ലാൻഡ് റവന്യൂ കമ്മീഷണറുടെ 04/09/2024-ലെ LR/3097/2021-LR(N3) - നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ കുറ്റൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് ആയിരിക്കെ മരണപ്പെട്ട മാത്യു ഡേവിഡിന്റെ മകൻ ശ്രീ.ഗിഫ്റ്റി രാജ്-ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ആശ്രിത നിയമനം നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം-(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, ശ്രീ.ഗിഫ്റ്റി രാജ്-ന് ആശ്രിത നിയമനം നൽകുന്നതിന് ഈ വകുപ്പിൽ നിന്നും അനുമതി നൽകിയ ടി ഉത്തരവിൽ, ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ നിയമനം നൽകുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്നും നിലവിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനത്തിന് ഒഴിവുകൾ ഇല്ലായെന്നും, പരാമർശം-(1) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ള മലപ്പുറം ജില്ലയിലെ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിനുള്ള അനുമതി നൽകണമെന്നും പരാർമശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ കുറ്റൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് ആയിരിക്കെ മരണപ്പെട്ട മാത്യു ഡേവിഡിന്റെ മകൻ ശ്രീ.ഗിഫ്റ്റി രാജ്-ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ആശ്രിത നിയമനം നൽകുന്നതിന് അനുമതി നൽകി

പുറപ്പെടുവിച്ച പരാമർശം-(2)-ലെ ഉത്തരവ്, ലാന്റ് റവന്യൂ കമ്മീഷണറുടെ പരാമർശം-(3)-ലെ അഭ്യർത്ഥന പ്രകാരം, റവന്യൂ വകുപ്പിൽ മലപ്പുറം ജില്ലയിൽ നിലവിലെ ഒഴിവിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന് അനുമതി നൽകി പരാമർശം-(2)-ലെ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) ടി നിയമനം സംബന്ധിച്ച് മേൽ പ്രതിപാദിച്ചിട്ടുള്ള ഭേദഗതി ഒഴികെ പരാമർശം-(2)-ലെ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള മറ്റു നിബന്ധനകൾ/വ്യവസ്ഥകൾ എല്ലാം നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SEEMA S**

ജോയിന്റ് സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം, പബ്ലിക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം.
2. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.
3. ശ്രീ.ഗിഫ്റ്റി രാജ്, നന്ദനം, പത്താംമൈൽ, നൂറനാട് പി.ഒ., നൂറനാട്, ആലപ്പുഴ-690504. (Registered with AD).
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
5. പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് (അറിവിലേയ്ക്ക്)
6. വിവരവും, പൊതുജന സമ്പർക്കവും (വെബ് & ന്യൂമീഡിയ) വകുപ്പ്. (പ്രസിദ്ധീകരണത്തിന്)
7. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (AYU-C2/251/2022-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 11-09-2024 17:08:47

സെക്ഷൻ ഓഫീസർ.